**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1400**

06.03.2020 ൽ മറുപടിയ്ക്ക്

## രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി. കെ. സി. മമ്മത് കോയ**<br>**ശ്രീമതി യു. പ്രതിഭ**<br>**ശ്രീ. എം. നൗഷാദ്**<br>**,, ബി.സത്യൻ :** | | **എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പഞ്ചായത്തുകളുടെയും ഗ്രാമസഭകളുടെയും കാര്യശേഷി വികസനത്തിനും വിവിധ പദ്ധതി പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | ഗ്രാമപഞ്ചായത്തുകളുടെയും ഗ്രാമസഭകളുടെയും ശാക്തീകരണത്തിനായി പഞ്ചായത്ത് വകുപ്പ് മുഖേന രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെല്ലാം ജില്ലകളിലാണ് പ്ലാനിംഗ് ആന്റ് റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ആലപ്പുഴ, ഇടുക്കി, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഡിസ്ട്രിക്ട് പ്ലാനിംഗ് ആന്റ് റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ ഡിസ്ട്രിക്ട് പ്ലാനിംഗ് ആന്റ് റിസോഴ്സ് സെന്റർ നിർമ്മിക്കുന്നതിന് ജില്ലാ കളക്ടർ വിട്ടു നൽകിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് പോലീസ് വകുപ്പിൽ നിന്നും തടസ്സം ഉണ്ടായിട്ടുള്ളതിനാൽ നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല. |
| (സി) | ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും | (സി) | ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും |

| | | | |
|---|---|---|---|
| | പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ആർ.ജി.എസ്.എ.യിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുമായി രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ISO അംഗീകാരം ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ഇടമലക്കുടി, തലവടി എന്നീ ഗ്രാമപഞ്ചായത്തുകൾ ഒഴികെ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും ISO അംഗീകാരം നേടിയിട്ടുണ്ട്.<br>ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ്, ഓഫീസ് മാനേജ്മെന്റ്, ഗ്രാമപഞ്ചായത്ത് മുഖേന നൽകുന്ന സേവനങ്ങൾ എന്നിവ സംബന്ധിച്ച് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിവധ കാര്യശേഷി വികസന/പരിശീലന പരിപാടികൾ കില മുഖേന രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ